Refusal of admission

63. MR. P. K. KUMARAN ACHARI: Will the Hon'ble Minister for Education be pleased to state:

(*a*) the reason for refusing admission to most of the candidates of Viswakarma Community who applied for admission to the Pre-University Classes, Trivandrum;

(*b*) the reasons for giving admission to some of them; and

(*c*) the number of candidates who actually got admission?

HON'BLE MR. N. KUNJURAMAN: (*a*) Admissions to the Pre-University School are based on the marks obtained by the candidates at the E. S. L. C. Examination and not on communal basis.

(*b*) The candidates satisfied the conditions fixed for admission to the school.

(*c*) Four.

തിരുവിതാംകൂറിലെ മുതലെടുപ്പ്.

4. MR. A. K. PATCHJ PILLAI: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിനാൻസ് വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂറിലെ മുതലെടുപ്പു കഴിയുന്നതും വേഗത്തിൽ വർദ്ധിപ്പിച്ച് രാജ്യക്ഷേമപരങ്ങളായ പ്രവർത്തികൾ നടപ്പിൽ വരുത്തുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ പെട്ടെന്നു നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്ന ധനാഗമമാർഗ്ഗങ്ങൾ ഏതെല്ലാം?

(സി) ഇംഗ്ലണ്ടിലും മറ്റും ഉള്ളതുപോലെ ഇവിടെയും "ഡെത്ത് ഡ്യൂട്ടി" ഏർപ്പെടുത്തുന്നതിനെപ്പറ്റി ഗവണ്മെന്റ് ആലോചിക്കുമോ?

HON'BLE MR. A. J. JOHN: (a) Yes.

(b) The matter is under the consideration of Government.

(c) The matter has not yet been taken up for consideration.

REFERENCE RE: ANSWERING OF QUESTIONS

MR. PAUL THALIAT: ഞാൻ നേരത്തേ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിന്റെ തീരുമാനം അറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT: ഒരു കാര്യത്തെപ്പറ്റിതന്നെ രണ്ടു മെംബറന്മാർ ചോദ്യങ്ങൾ ചോദിച്ചാൽ മറുപടി പറയുന്നതിന് വിരോധമില്ല. പക്ഷേ ഒരിക്കൽ പറഞ്ഞ ഉത്തരം രണ്ടാമതു റിഫർചെയ്യാൽ മതിയാകും.

LIBRARY ARCHIVES Kerala Legislative Assembly

MR. V. K. VARGHESE : വെറും പ്രാദേശികമായ കാര്യങ്ങളെപ്പറ്റിയുള്ള ചോദ്യങ്ങൾ സ്റ്റാറിട്ട് അയക്കുന്നവെന്ന കാരണംകൊണ്ടുമാത്രം അവക്ക് ഈ ഹൗസിൽവച്ചു മറുപടി പറയുമോ?

MR. PRESIDENT : സ്റ്റാറിട്ട ചോദ്യങ്ങളെ സംബന്ധിച്ചും സ്റ്റാറിടാത്ത ചോദ്യങ്ങളെ സംബന്ധിച്ചുമുള്ള ഒരു നോട്ടിഫിക്കേഷൻ ഇതിനിടെ ഉണ്ടായിട്ടുണ്ട്. അതിലെ താൽപര്യമനുസരിച്ച് മറുപടി പറയുന്നതാണ്.

REFERENCE RE: LANGUAGE OF THE ASSEMBLY

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*) : സർ, ഒരു പോയിന്റ് ആഫ് ഓർഡർ. ഇന്നലത്തെ യോഗനടപടികളും കഴിഞ്ഞ തവണത്തെ യോഗനടപടികളുമായി വളരെ വ്യത്യാസം കാണുന്നു. മലയാളഭാഷയെ പുറംതള്ളിക്കൊണ്ടുള്ള ഒരു ഏർപ്പാടാണു ഇവിടെ നടപ്പിൽ വരുന്നതെന്നു തോന്നുന്നു. കഴിഞ്ഞ യോഗത്തിൽ മലയാളത്തിൽ സംസാരിച്ച പല ബഹുമാനപ്പെട്ട മെംബറന്മാരും എന്നല്ല, ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കാൻ നല്ല കഴിവില്ലാത്തയാളുകൾ പോലും ഇന്നവണ ഇംഗ്ലീഷിലേ സംസാരിക്കൂ എന്നൊരുനിർബന്ധം ഉള്ളതുപോലെ തോന്നുന്നു. ഈ യോഗനടപടികളുടെ നിയമങ്ങൾ രൂപീകരിച്ചപ്പോൾതന്നെ ഇക്കാര്യത്തെപ്പറ്റി വാദപ്രതിവാദം നടക്കുകയും കഴിവുള്ളിടത്തോളം എല്ലാ കാര്യങ്ങളും മാതൃഭാഷയായ മലയാളഭാഷയിൽ തന്നെ വേണമെന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ചില സാങ്കേതികവിഷയങ്ങളെ സംബന്ധിച്ചു പറയേണ്ടിവരുമ്പോൾ മലയാളത്തിൽ ശരിയായ പദങ്ങൾ ഇല്ലെന്നുള്ള ആക്ഷേപംകൊണ്ടു നിവൃത്തിയില്ലെന്നു വരുമ്പോൾ ഇംഗ്ലീഷും ഉപയോഗിക്കാമെന്നാണു തീരുമാനിച്ചത്. എന്നാൽ അതിനു വിരുദ്ധമായ ഒരു നടപടിയാണ് ഇപ്പോൾ ഇവിടെ കാണുന്നത്. കഴിഞ്ഞ സമ്മേളനത്തിൽ പ്രസിഡണ്ടായിരുന്ന ശ്രീ. ഏ. ജെ. ജാൻ അവർകൾതന്നെ കഴിവുള്ളിടത്തോളം മലയാളത്തിൽ സംസാരിച്ച് മാതൃകാപരമായ ഒരു നടപടിയാണു സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെംബറന്മാരും അങ്ങനെതന്നെയാണ് പെരുമാറിയിട്ടുള്ളതും. പ്രസിഡണ്ട് അവർകളെ അക്കാര്യം അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഇവിടെ ഈ സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാർ മാതൃഭാഷയിൽതന്നെ സംസാരിച്ച് പൊതുജനങ്ങൾക്കു മാതൃകകാട്ടിക്കൊടുത്തു അവരിൽ മാതൃഭാഷാഭിമാനവും സ്വദേശാഭിമാനവും വളത്തിക്കൊണ്ടുവരുന്നതിനു ശ്രദ്ധിക്കുകയാണു വേണ്ടതെന്നു പറയേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly